2. അഞ്ച് ലക്ഷമോ അതിൽ കൂടുതലോ അടങ്കൽ തുകയുള്ള നിർമ്മാണ പ്രവൃത്തികൾക്ക് ഇ-ടെണ്ടർ നിർബന്ധമാക്കിയിട്ടുണ്ട്.

3. നിർമ്മാണ പ്രവർത്തികളുടെ എസ്റ്റിമേറ്റുകൾ സുഗമ സോഫ്റ്റ്വെയറുകളുടെ സഹായത്തോടെ തയ്യാറാക്കേണ്ടതാണ്.

4. ഗുണഭോക്തൃസമിതി മുഖേന ചെയ്യേണ്ട പ്രവൃത്തികളിൽ അയൽസഭകളെ ഗുണഭോക്തൃസമിതിയായി കണക്കാക്കി നിർമ്മാണ ചുമതല ഏൽപ്പിക്കേണ്ടതാണ്.

5. പട്ടികജാതി പട്ടികവർഗ്ഗ യുവജന വികസനത്തിനുവേണ്ടി എസ്.സി.പി., ടി.എസ്.പി. ഫണ്ടുകളുടെ 10% തുക നിർബന്ധ വകയിരുത്തലായി ഉൾപ്പെടുത്തിയിട്ടുണ്ട്.

6. വനിത ഘടക പദ്ധതിക്ക് വകയിരുത്തിയിട്ടുള്ള 10% തുകയുടെ കുറഞ്ഞത് 10% തുക വിധവകളുടെ ക്ഷേമത്തിനും വികസനത്തിനും വകയിരുത്താൻ നിഷ്കർഷിച്ചിട്ടുണ്ട്.

7. വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുമ്പോൾ 3% ഭിന്നശേഷിക്കാർക്കായി (അപേക്ഷകരുണ്ടെങ്കിൽ) മാറ്റി വയ്ക്കേണ്ടതാണ്.

8. തദ്ദേശസ്വയംഭരണ വകുപ്പ് സ്ഥാപനങ്ങൾക്ക് കൈമാറിക്കിട്ടിയ സ്കൂളുകളിൽ 40 പെൺകുട്ടികൾക്ക് ഒരു മൂത്രപ്പുരയും പൊതുസ്ഥലങ്ങളിൽ സ്ത്രീകൾക്ക് പ്രത്യേക മൂത്രപ്പുരയും നിർമ്മിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

9. പ്രോജക്ടുകൾ പരിശോധിച്ച് അംഗീകാരം നൽകാൻ ചുമതലപ്പെട്ട എല്ലാ ഉദ്യോഗസ്ഥരും ഒരു കേന്ദ്രത്തിൽവന്ന് ഒരുമിച്ചിരുന്ന് (ക്യാമ്പ് രീതിയിൽ) പ്രോജക്ടുകൾ പരിശോധിച്ച് അംഗീകാരം നടത്തുന്നതിന് നിഷ്കർഷിച്ചിട്ടുണ്ട്.

10. ഭവന നിർമ്മാണം, സ്ഥലം വാങ്ങൽ എന്നിവയുൾപ്പെടെയുള്ള സബ്സിഡി മാനദണ്ഡങ്ങൾ കാലാനുസൃതമായി പരിഷ്കരിച്ചിട്ടുണ്ട്.

(സി) ഏതൊരു ഭരണ സമിതിയ്ക്കും രൂപീകരണവും നിർവ്വഹണവും നടത്താൻ കഴിയുന്ന രീതിയിൽ വിശദമായാണ് മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുള്ളത്.

(ഡി) ഇല്ല.

**നേഴ്സുമാരുടെ റിക്രൂട്ട്മെന്റ്**

13 (*133) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗൾഫ് രാജ്യങ്ങളിലേക്കുള്ള നേഴ്സുമാരുടെ റിക്രൂട്ട്മെന്റിലെ തട്ടിപ്പ് തടയാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം നടപടികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(സി) നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ) ഉണ്ട്.

(ബി) സ്വകാര്യ റിക്രൂട്ട്മെന്റ് ഏജൻസികളുടെ ചൂഷണം അവസാനിപ്പിക്കുക, സുരക്ഷിത കുടിയേറ്റം ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളോടെ 18 ഇ.സി.ആർ. രാജ്യങ്ങളിലേയ്ക്കുള്ള ഇന്ത്യൻ നഴ്സുമാരുടെ നിയമനം 31-5-2015 മുതൽ കേരള സർക്കാർ ഏജൻസികളായ നോർക്ക റൂട്ട്സ്, ഓവർസീസ് ഡെവലപ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രൊമോഷൻ കൺസൾട്ടന്റ് (ODEPC), തമിഴ്നാട് സർക്കാർ ഏജൻസിയായ ഓവർസീസ് മാൻപവർ കോർപ്പറേഷൻ ലിമിറ്റഡ് (OMC Ltd.) ചെന്നൈ എന്നിവർ മുഖാന്തരം മാത്രമേ അനുവദിക്കുകയുള്ളൂ എന്ന് നിഷ്കർഷിച്ച് കേന്ദ്ര പ്രവാസികാര്യ മന്ത്രാലയം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനായി വിദേശ രാജ്യത്തെ തൊഴിലുടമ സർക്കാരിന്റെ 'ഇ മൈഗ്രേറ്റ് ' (eMigrate) എന്ന ഓൺലൈൻ സംവിധാനത്തിൽ രജിസ്റ്റർ ചെയ്യുകയും ആയത് പ്രസ്തുത രാജ്യത്തെ ഇന്ത്യൻ നയതന്ത്ര കാര്യാലയം പരിശോധിച്ച് അനുമതി നൽകുന്നതിനനുസരിച്ച് നിയമനം നടത്തുകയും ചെയ്യാം. കൂടാതെ ഇ.സി.ആർ. രാജ്യങ്ങളിലേയ്ക്ക് തൊഴിൽ തേടിപ്പോകുന്ന ഇന്ത്യൻ നഴ്സുമാർക്ക് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള പ്രൊട്ടക്ടർ ഓഫ് എമിഗ്രൻസിൽ നിന്നും എമിഗ്രേഷൻ ക്ലിയറൻസും നിർബന്ധമാക്കിയിട്ടുണ്ട്

(സി) കേന്ദ്ര സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി 24-3-2015-ൽ യോഗം വിളിച്ചുചേർക്കുകയും റിക്രൂട്ട്മെന്റ് സുഗമമായും സുതാര്യമായും നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ നോർക്ക-റൂട്ട്സിനെയും ഒ.ഡി.ഇ.പി.സി.-യെയും ചുമതലപ്പെടുത്തുകയും ചെയ്തു. കൂടാതെ റിക്രൂട്ട്മെന്റ് നടപടികൾ സുതാര്യമായും കാര്യക്ഷമമായും നടത്തുന്നതിന് ആവശ്യമായ ജീവനക്കാരെ ഉൾപ്പെടുത്തി നോർക്ക-റൂട്ട്സിൽ പ്രത്യേക റിക്രൂട്ട്മെന്റ് വിഭാഗം ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ സംവിധാനം നിലവിൽ വന്നശേഷം നോർക്ക-റൂട്ട്സ് 578 ഒഴിവുകളിലേയ്ക്ക് നഴ്സുമാരെ സെലക്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. 712 ഒഴിവുകളിലേയ്ക്കുള്ള നിയമന നടപടികൾ പുരോഗമിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly